(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ചവർക്ക് ഏതെല്ലാം വിധത്തിലുള്ള പലിശ ഇളവുകളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ച് കുടിശ്ശിക തവണ പൂർണ്ണമായും അടച്ചുതീർത്തവർക്ക് അധികമായി അടച്ച പിഴപ്പലിശ മടക്കി നൽകാത്തതായിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പദ്ധതി സ്വീകരിച്ചവർക്ക് അധികമായി അടച്ച പിഴപ്പലിശ മടക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 913 എണ്ണം. ഇതിൽ 389 എണ്ണം എസ്.എഫ്.സി. ആക്ട് സെക്ഷൻ 29 പ്രകാരവും 524 എണ്ണം റവന്യൂ റിക്കവറി ആക്ട് അനുസരിച്ചും ഉള്ളതാണ്. ഇതിൽ 207 എണ്ണം തിരികെ നൽകിയിട്ടുണ്ട്.

(ബി) 110 പേർ കുടിശ്ശിക അടച്ചുതീർത്തിട്ടുണ്ട്.

(സി) ഓരോ വ്യവസായ സ്ഥാപനത്തിന്റെയും വ്യക്തികളുടെയും തിരിച്ചടയ്ക്കുവാനുള്ള കഴിവിന്റെ ലഭ്യമായ ആസ്തിയുടെയും അടിസ്ഥാനത്തിലാണ് സാമ്പത്തിക ഇളവുകൾ അനുവദിക്കുന്നത്. പലിശയിലോ പിഴപ്പലിശയിലോ പൂർണ്ണമായോ ഭാഗികമായോ ഇളവുകൾ അനുവദിക്കുന്നതിന് കോർപ്പറേഷന് വ്യക്തമായ മാനദണ്ഡങ്ങളുണ്ട്.

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അനുസരിച്ച് നൽകിയ കാലയളവിനുള്ളിൽ തുക അടച്ചുതീർത്തവർക്ക് പലിശ ഈടാക്കാറില്ല. ഒറ്റത്തവണ തീർപ്പാക്കൽ തുക സമയപരിധി കഴിഞ്ഞാണ് അടച്ചുതീർക്കുന്നതെങ്കിൽ ആ സമയത്തേയ്ക്ക് പലിശ ഈടാക്കാറുണ്ട്.

(ഇ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സ്വീകരിച്ചവരിൽ നിന്നും അധിക പിഴപ്പലിശ കോർപ്പറേഷൻ ഈടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കെ.എസ്.എഫ്.ഇ.-യിലെ കണക്കുകൾ പൂർത്തിയാക്കുന്നതിലെ വീഴ്ചകൾ

35 [2004] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ കണക്കുകൾ പൂർത്തിയാക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ മാനേജ്മെന്റ് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ദീർഘനാളത്തെ കണക്കുകൾ പൂർത്തിയാക്കാനുണ്ടായ വീഴ്ചകൾക്ക് മാനേജ്മെന്റ് സമർപ്പിച്ച കാരണങ്ങൾ വിശദമാക്കാമോ;

(ഡി) നിശ്ചിത സമയപരിധിക്കുള്ളിൽ കണക്കുകൾ പൂർത്തിയാക്കാത്തതു കാരണം സ്ഥാപനത്തിന്റെ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) സമയബന്ധിതമായി കുടിശ്ശിക കണക്കുകൾ പൂർത്തിയാക്കി വരുമാനം തിട്ടപ്പെടുത്താനും വർദ്ധിപ്പിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി—എഫ്) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

36 [2005] ശ്രീ. സി. മമ്മൂട്ടി:
,, കെ. എൻ. എ. ഖാദർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, ടി. പി. എം. സാഹിർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ കീഴിൽ പുതുതായി ബ്രാഞ്ചുകൾ ആരംഭിക്കാൻ 2003-ൽ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ബ്രാഞ്ചുകളാണ് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്;

(ബി) അവ ഏതെല്ലാമാണെന്നും എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇതിൽ ഏതെല്ലാം ബ്രാഞ്ചുകൾ പ്രവർത്തനമാരംഭിച്ചു;

(ഇ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ബ്രാഞ്ചുകളാണ് ആരംഭിച്ചിട്ടുള്ളത്;

(എഫ്) ബ്രാഞ്ചുകൾ ആരംഭിച്ചില്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly